# സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307


**നടപടിക്രമം**

സാങ്കേതികം - വിദ്യാഭ്യാസം - ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ഗ്രേഡ് II ഓട്ടോമൊബൈൽ തസ്തികയിലേയ്ക്ക് തസ്തിക മാറ്റം വഴി നിയമനം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് -

ജീവനകാര്യം (സി) വിഭാഗം

നം: EC4/4851/19/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 06.07.2023

വായന:- 1. സർക്കാർ ഉത്തരവ് നം. ജി. ഒ. (പി) 503/2012/എച്ച്.ഇഡി.എൻ, തീയതി 12-10-2012
2. ഈ ആഫീസിലെ സർക്കുലർ നമ്പർ ഇ.ജി.3/43027/22/ഡി. ടി. ഇ തീയതി 15-03-2023

**ഉത്തരവ്**

ഈ വകുപ്പിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ /ഡെമോൺസ്ട്രേറ്റർ ഗ്രേഡ്II തസ്തികകളിലെ ട്രേഡ് ഇൻസ്ട്രക്ടർമാരിൽ നിന്നുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 അനുപാതം സൂചന 1 സർക്കാർ ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ രണ്ട് ഒഴിവാണ് സൂചന ഒന്നിലെ വിശേഷാൽ ചട്ട പ്രകാരം തസ്തിക മാറ്റം വഴി നികത്തപ്പെടേണ്ടത്. മേൽ സാഹചര്യത്തിൽ തസ്തിക മാറ്റ നിയമനത്തിനായി സൂചന 2 പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ട്രേഡ് ഇൻസ്ട്രക്ടർമാരുടെ സംയോജിത മുൻഗണന പട്ടികയിൽ നിന്നും താഴെ പറയുന്ന ഉദ്യോഗസ്ഥനെ 41300-87000/- രൂപ ശമ്പള സ്കെയിലിൽ, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ്, 1958 റൂൾ 28 (b) (ii) പ്രകാരം തസ്തിക മാറ്റം വഴി ഡെമോൺസ്ട്രേറ്റർ/വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ/ഇൻസ്ട്രക്ടർ ഗ്രേഡ് II ഓട്ടോമൊബൈൽ വിഭാഗം തസ്തികയിൽ നിയമിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | മുൻ ഗണന പട്ടികയിലെ ക്രമ നമ്പർ | പേര്, ഉദ്യോഗപ്പേര്, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റപ്പെട്ട സ്ഥാപനം |
|---|---|---|---|
| 1 | 03 | ശ്രീ.റിഷാദ് അലി ഒ പി<br>ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II<br>(PEN:816497)<br>(ഓട്ടോമൊബൈൽ)<br>GPTC,പെരിന്തൽമണ്ണ | **THS,കോക്കൂർ,മലപ്പുറം**<br>(തുറന്ന ഒഴിവ്) |
| 2 | 04 | ശ്രീ മനു ഇമ്മാനുവേൽ<br>ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ്<br>II PEN:854609)<br>(ഓട്ടോമൊബൈൽ)<br>THS,നടുവിൽ | **THS,പാലക്കാട്**<br>(തുറന്ന ഒഴിവ്) |

തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ യഥാർത്ഥ സേവനം ടി ഉദ്യോഗസ്ഥന്റെ നിരീക്ഷണ കാലളവായി പൂർത്തീകരിക്കേണ്ടതാണ്.

- **അയോഗ്യനാണെന്ന് കണ്ടെത്തുകയോ ഒഴിവില്ലാത്ത സാഹചര്യമുണ്ടാകുകയോ ചെയ്താൽ തസ്തിക മാറ്റ നിയമനം റദ്ദാക്കപ്പെടുന്നതായിരിക്കും.**
- ടി ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട സ്ഥാപന മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ് /-

ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്
1)ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്/ഉദ്യോഗ്സ്ഥർക്ക് (ഡി.റ്റി.ഇ.ഔദ്യോഗിക വെബ് സൈറ്റ് മുഖേന)
2) കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

Approval Valid

Draft #9 of File EC4/4851/19/DTE Approved by Senior Joint Director (PS) on 06-Jul-2023 06:40 PM - Page 1

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 06.07.2023
Reason: Approved

Draft #9 of File EC4/4851/19/DTE Approved by Senior Joint Director (PS) on 06-Jul-2023 06:40 PM - Page 2

The document is digitally approved. Hence signature is not needed.